സമഗ്ര വിദ്യാഭ്യാസ പദ്ധതി

58 (1134) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടന്നു വരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദമാക്കാമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെസമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ എത്ര തുക അനുവദിച്ചു; 1-7-2011 മുതൽ 31-10-2015 വരെയുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാൻ 57 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്. അതിൽ 9 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയരൂപീകരണവും 6 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പ്രോജക്ട് തയ്യാറാക്കലും, 40 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു.

(ബി) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, നിയോജക മണ്ഡലത്തിലെ പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ പൂർത്തിയാക്കി കഴിഞ്ഞു. പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ എം.എൽ.എ. അദ്ധ്യക്ഷനായ നിയോജക മണ്ഡല കമ്മിറ്റികളുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത് സ്കൂൾ തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്നു. പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു ഏകദിന അവലോകനവും സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് മാത്രമായി യാതൊരു ഫണ്ടും വകയിരുത്തിയിട്ടില്ല. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ./ എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്

59 (1135) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറിക്ക് തുല്യതാ കോഴ്സ് നടത്തുന്നുണ്ടോ;

(ബി) തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(സി) ഏതൊക്കെ ഗ്രൂപ്പുകളിലാണ് തുല്യതാ കോഴ്സ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന പത്താം തരം തുല്യതാ കോഴ്സ് പാസ്സായവർ, ഔപചാരിക തലത്തിലുള്ള എസ്.എസ്.എൽ.സി. വിജയിച്ചതിനുശേഷം പഠനം നിർത്തിയവർ, ഔപചാരികതലത്തിലുള്ള പ്ലസ് ടു/പ്രീ-ഡിഗ്രി പഠനം ഇടയ്ക്ക്വെച്ച് നിർത്തിയവർ, പരീക്ഷയിൽ പരാജയപ്പെട്ടവർ, പത്താംതരം തുല്യതാ കോഴ്സ് പാസ്സായവർ ഒഴികെയുള്ള വിഭാഗത്തിലെ പഠിതാക്കൾക്ക് രജിസ്ട്രേഷൻ കാലയളവിൽ ജൂൺ 1-ന് 22 വയസ്സ് പൂർത്തിയായിരിക്കണം എന്നിവയാണ് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതകൾ.

(സി) ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകളിൽ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി അല്ലെങ്കിൽ ഗാന്ധിയൻ സ്റ്റഡീസ് എന്നിവയും, കോമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി, ബിസിനസ്സ് സ്റ്റഡീസ്, എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നിവ ഐശ്ചിക വിഷയങ്ങളും, പാർട്ട് I-ൽ ഇംഗ്ലീഷും, പാർട്ട് II-ൽ മലയാളം അല്ലെങ്കിൽ ഹിന്ദി എന്നിവയുമാണ് സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗസ്റ്റ് അദ്ധ്യാപക നിയമനം

60 (1136) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകരിൽ സർക്കാർ സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് മാത്രം വേതനം നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly